അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടയ്ക്കാത്തതുകൊണ്ട് ജോലി തുടങ്ങിയിട്ടില്ല. പണം അടച്ചാലുടൻ ജോലി തുടങ്ങുന്നതാണ്.

അഞ്ചൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

12 [323] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ; സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) - (സി) അഞ്ചലിൽ 33 കെ. വി. സബ്സ്റ്റേഷനുപകരം 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

വൈദ്യുതി എത്തിക്കാൻ നടപടി

13 [324] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപകരണങ്ങൾ ഇല്ലാത്തത് കൊണ്ട് സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ വലിക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ ചൊക്ലി, പാനൂർ, പാട്യം, പാറാട് എന്നീ സെക്ഷൻ ഓഫീസിന് കീഴിലുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly